3. കശുമാവ്-സസ്യസംരക്ഷണ പരിപാടികൾ (കേന്ദ്രാവിഷ്കൃതം) ഈ സാമ്പത്തികവർഷം മേയ് 31-ാംതീയ്തിവരെ 1.02 ലക്ഷംരൂപ ചെലവഴിച്ചു.

(ഇ) ഉണ്ട്.

(എഫ്) കശുമാവ് വികസന ഗവേഷണം, ഉത്പാദനം ഉല്പന്നങ്ങളുടെ സംരക്ഷണ മൂല്യവർദ്ധനവ്, വിപണനം ഗുണനിലവാരം മെച്ചപ്പെടുത്തൽ കയറ്റുമതി എന്നിവയ്ക്ക് ഊന്നൽ നൽകി ടെക്നോളജി മിഷൻ ഓൺ കാഷ്യൂ എന്ന പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

1 (964) ചെലവ് ചുരുക്കൽ പദ്ധതി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഏതെല്ലാം മേഖലകളിലാണ് ചെലവ് ചുരുക്കൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ തസ്തിക സൃഷ്ടിക്കൽ, പുതിയ വാഹനങ്ങൾ വാങ്ങൽ, ഓഫീസ് ചെലവുകൾ, യാത്രാചെലവുകൾ, ഇന്ധന ചെലവുകൾ എന്നിവയിൽ ചെലവ് ചുരുക്കലിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.ടി.ഡി./ഐ.എസ്.ഡി. സൗകര്യത്തോടെയുള്ള ടെലിഫോൺ, മൊബൈൽ ഫോൺ എന്നിവ അനുവദിക്കുന്നതിനും, സംസ്ഥാനത്തിന് പുറത്ത് കോൺഫറൻസ്/പരിശീലനം/സെമിനാർ എന്നിവയിൽ പങ്കെടുക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ചെലവ് ചുരുക്കൽ നടപടികൾ എല്ലാം തന്നെ സർക്കാർ കമ്പനികൾ/കോർപ്പറേഷനുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ/സർവ്വകലാശാലകൾ എന്നിവയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങളും അർദ്ധസർക്കാർ സ്ഥാപനങ്ങളും അടക്കം സംസ്ഥാന ഖജനാവിൽ നിന്നും സാമ്പത്തിക സഹായം പറ്റുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാണ്.

(ബി) ഈ നിയന്ത്രണങ്ങൾ കൊണ്ടുള്ള പുരോഗതി വിലയിരുത്തുവാൻ സാധിച്ചിട്ടില്ലെങ്കിലും, തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ എന്നിവ പരിശോധിയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടേയും ചീഫ് സെക്രട്ടറിയുടേയും അദ്ധ്യക്ഷതയിലുള്ള രണ്ട് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. തൻമൂലം പദ്ധതിയേതര ചെലവുകളുടെ വർദ്ധന ഒരു പരിധിവരെ നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്.

2 (965) സർക്കാർ വാങ്ങിയിട്ടുള്ള വായ്പകൾ

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. എ.കെ. ആന്റണി :

LIBRARY ARCHIVES Kerala Legislative Assembly